**പതിനാലാം കേരള നിയമസഭ**
**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T 2274** **11-03-2020-ൽ മറുപടിക്ക്**

## മന്ത്രിമാരുടെ വാഹനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.ഉമ്മർ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മന്ത്രിമാരുടെയും മറ്റ് ക്യാബിനറ്റ് റാങ്ക് നൽകിയവരുടെയും ആവശ്യാർത്ഥം എത്ര വാഹനങ്ങൾ വാങ്ങുകയുണ്ടായി; വിശദാംശം നൽകാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിനോദസഞ്ചാര വകുപ്പിന്റെ ആവശ്യാർത്ഥം 37 വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. ഇതിൽ 27 ടൊയോട്ട ഇന്നോവ ക്രിസ്റ്റ കാറുകളും 10 ടൊയോട്ട ആൾട്ടിസ് കാറുകളും ഉൾപ്പെടുന്നു. |
| (ബി) | ഈ ഇനത്തിൽ ഖജനാവിൽ നിന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | ഈ ഇനത്തിൽ 7,12,89,773/- രൂപ ചെലവഴിച്ചിട്ടുണ്ട് |
| (സി) | ഈ സാമ്പത്തിക വർഷം മന്ത്രിമാർക്ക് വേണ്ടി പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായി നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകാമോ? | (സി) | ഈ സാമ്പത്തിക വർഷം മന്ത്രിമാർക്ക് വേണ്ടി പുതിയ വാഹനങ്ങൾ വാങ്ങുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**